(ബി) എല്ലാ വകുപ്പുകളുടെയും പ്രതിമാസ പ്രവർത്തന പത്രിക അവലോകനം ചെയ്ത് വകുപ്പുകളിലെ ഫയൽ തീർപ്പാക്കൽ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നുണ്ട്. വകുപ്പുകളിൽ ഫയൽ കെട്ടിക്കിടക്കാതിരിക്കാനും സമയബന്ധിതമായി തീർപ്പാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിനായി ഓൺലൈൻ സംവിധാനം വിവിധ വകുപ്പുകളിലായി നടപ്പിലാക്കി വരുന്നു. ഇ-ഗവേണൻസ് സംവിധാനങ്ങൾ നടപ്പാക്കുന്നതിലൂടെ വിവിധ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് നേരിട്ട് സർക്കാർ ഓഫീസ് വഴിയും ഓൺലൈൻ വഴിയും ഫ്രണ്ട്സ്/അക്ഷയ കേന്ദ്രങ്ങൾ വഴിയും ലഭിക്കുന്നുണ്ട്. പൊതുരംഗത്തെ അഴിമതി ഇല്ലാതാക്കുന്നതിന്റെ ഭാഗമായി ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ തീരുമാനം എടുക്കുവാനും നടപടിക്രമങ്ങൾ സുതാര്യമാക്കുവാനും വേണ്ടി സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം, കമ്പ്യൂട്ടർ അധിഷ്ഠിത ഫയൽ നിരീക്ഷണ സംവിധാനമായ IDEAS, DDFS,e-Office തുടങ്ങിയ ആധുനിക സംവിധാനങ്ങൾ നടപ്പിലാക്കി വരുന്നു. മോട്ടോർവാഹന വകുപ്പിലെ സേവനങ്ങൾ സുതാര്യമാക്കുന്നതിന് ഇ-പേയ്മെന്റ്, ഇ-ആപ്ലിക്കേഷൻ മുതലായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിൽ ഇ-സർവ്വീസസ് നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിന്ന് വിവിധയിനം സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി നൽകുന്ന ഇ-ഡിസ്ട്രിക്ട് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ പോലീസ് ഓഫീസുകളിലും പരാതികൾ സ്വീകരിക്കുന്നതിനായി 'Citizen Helpdesk' എന്ന പേരിൽ പുതിയ ഒരു സംരംഭം ആരംഭിച്ചിട്ടുണ്ട്. കൂടാതെ സേവനാവകാശ നിയമം നടപ്പിലാക്കി വരുന്നു. മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ വിവരാവകാശ നിയമം, പഞ്ചദിന ചട്ടം എന്നിവ കർശനമായി പാലിക്കുവാനും വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പൊതുഭരണ വകുപ്പിന് ബഡ്ജറ്റിലുള്ള പദ്ധതികൾ

19 (3522) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ പൊതുഭരണ വകുപ്പിന് കീഴിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്;

(ബി) പ്രസ്തുത പദ്ധതിക്ക് ഓരോന്നിനുമായി എത്ര തുക വീതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്, എത്ര തുക വീതം അനുവദിക്കപ്പെട്ടു, എത്ര തുക വീതം പിൻവലിക്കാതെ അവശേഷിച്ചു, വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതികളിൽ ഈ സർക്കാരിന്റെ നാലരവർഷത്തെ ഭരണശേഷവും പൂർത്തീകരിക്കാത്ത പദ്ധതികൾ ഉണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ 2011-12 സാമ്പത്തിക വർഷം പൊതുഭരണ വകുപ്പിൻ കീഴിൽ തുടങ്ങിയ 'കേരള സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിന് '2070-00-033-90-36-Grant-in-Aid-General-Non Salary (NPV) ശീർഷകത്തിനു കീഴിൽ 2011-12 സാമ്പത്തിക വർഷത്തെ 2-ാം ഉപധനാഭ്യർത്ഥന പ്രകാരം 1 കോടി രൂപ വകയിരുത്തിയിരുന്നു. 1 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

പുതുതായി സൃഷ്ടിച്ച തസ്തികകൾ

20 (3523) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വകുപ്പുകളിലും 2015 നവംബർ 30 വരെ എത്ര അധിക തസ്തികകൾ സൃഷ്ടിച്ചുവെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പി.എസ്.സി വഴിയും ആശ്രിതനിയമന പദ്ധതി വഴിയും സ്പോർട്സ് ക്വാട്ട വഴിയും എത്ര പേർക്ക് നിയമനം നൽകിയെന്ന് വിശദമാക്കുമോ;

(സി) പുതുതായി എത്രപേർക്ക് നിയമനം നൽകുന്നതിന് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ടെന്നും അവർക്ക് എന്നത്തേയ്ക്ക് നിയമനം നൽകുമെന്നും വിശദമാക്കുമോ ;

(ഡി) പോലീസ് സേനയിൽ ഇൻസ്പെക്ടർമാരായി നിയമനത്തിന് എത്രപേർക്ക് അഡ്വൈസ് മെമ്മോ നല്കിയിട്ടുണ്ടെന്നും ഇവർക്ക് എന്നത്തേയ്ക്ക് നിയമനം നൽകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 22-1-2014 വരെയുള്ള കണക്കുകൾ പ്രകാരം ഈ സർക്കാരിന്റെ കാലത്ത് 22,058 തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്.

സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ സൃഷ്ടിച്ച 46 തസ്തികകളുടെ പേരും എണ്ണവും ചുവടെ ചേർക്കുന്നു:

അഡീഷണൽ സെക്രട്ടറി	-	2
ജോയിന്റ്സെക്രട്ടറി	-	1
ഡെപ്യൂട്ടി സെക്രട്ടറി	-	1
അണ്ടർ സെക്രട്ടറി	-	4

LIBRARY ARCHIVES Kerala Legislative Assembly